# ഞാൻ



ഞാനൊരു പാവം മാനവപുത്രൻ
മൂകതവന്നെന്നെ മൂടുന്നെപ്പോഴും
മൗനത്തിൻ തോടിനുള്ളിലുറഞ്ഞ്
ഓർമ്മതൻ തീരത്തിന്നലയുന്നു ഞാൻ
അറിവിൻ വഴിതേടിപ്പോയൊരുനാൾ
അറിയാതെങ്ങോ കാലിടറിയെൻ
മോഹങ്ങളൊക്കെയും വെറും
കുപ്പകണക്കെയിന്നെൻ മനസ്സിൽ
തെറ്റാരു ചെയ്തെന്നോർപ്പു ഞാനോ
ചുറ്റും കാണുമീമർത്യഗണങ്ങളോ
വീട്ടിലെന്നെപ്പോറ്റിവളർത്തിയ
അച്ഛനും അമ്മയും സോദരരോ
വിധിയാകാം ചിലപ്പോഴല്ലെങ്കിൽ
വിധിയെപ്പഴിയ്ക്കും ഞാൻ തന്നെയാകാം
ഒരിക്കലെന്നാണെന്നോർമയില്ലിപ്പോൾ
ഞാനുറക്കെചിരിച്ചപ്പോൾ പിന്നെ ചിലച്ചപ്പോൾ
നാലാൾ ചേർന്നെന്നെ ബന്ധിച്ചിരുത്തി
ഏതോ നാൽചുമർകെട്ടിലൊതുക്കി
ശിരസ്സിൽ ചെറുവളയവും ചാർത്തി
വൈദ്യുതീ തരംഗ താഡനമേകവേ
പിടഞ്ഞു ഞാനല്പം പിന്നെ കുഴഞ്ഞും
പലനാളിൽ പലവട്ടമിങ്ങനെയായി
ഇന്നുഞാനെല്ലാം ഓർത്തോർത്തു
ദുഃഖിച്ചഗ്നി വളർത്തുന്നുള്ളിലാകെ
നഷ്ട ബോധത്തിൻ കൊടും വ്യഥയോ
എരിതീയിലെണ്ണയും കോരിവീഴ്ത്തുന്നു
ആളിപ്പടരട്ടെ ആത്മാവുരുകട്ടെ
ആശകൾ ചാരമായി കുമ്പാരമാകട്ടെ
ഭൂതകാലത്തിലെ പേക്കോലമെല്ലാം
ദുർഭൂതമായി ചുറ്റും ആർത്തലയ്ക്കട്ടെ
എന്നാലും ഇക്കാളുമഗ്നിയിൽ നിന്നും
ഫീനിക്സ് പക്ഷിയായി ഉയരും ഞാൻ തീർച്ച.



Imammamood (Imamuddeen)

The author resides in Kollam, Kerala, and is the Father in law of Anoop Iqbal and Father of Nasvin Imamudeen (AKMG Life Members)